1812
28/11/19

# കേരള സർക്കാർ

## സംഗ്രഹം

കോഴിക്കോട് ടിമ്പർ സെയിൽസ് ഡിവിഷൻ കുപ്പാടി ടിമ്പർ ഡിപ്പോയിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.പി.പ്രിയദർശൻ - ജോലിയിൽ വീഴ്ച വരുത്തിയത് - അച്ചടക്ക നടപടി - ഔപചാരികാന്വേഷണം നടത്തുവാനും, അന്വേഷണാധികാരി, പ്രസന്റിംഗ് ഓഫീസർ എന്നിവരെ നിയമിച്ചും - ഉത്തരവാകുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം. 377/2018/വനം          തിരുവനന്തപുരം, തീയതി, 10.08.2018

---

പരാമർശം:- 1. സർക്കാരിന്റെ 28.07.2016 ലെ 12683/എ 2/2015/വനം നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.

2. ശ്രീ.പ്രിയദർശൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ 14.12.2006 ലെ പ്രതിവാദ പത്രിക

3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 18.04.2018 ലെ ബി9-41418/2015 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ടിമ്പർ സെയിൽസ് ഡിവിഷനു കീഴിലുള്ള കുപ്പാടി, ബാവലി ഡിപ്പോകളുടെ ചാർജ്ജുള്ള ഡിപ്പോ ഓഫീസറായ ശ്രീ.പി.പ്രിയദർശനെതിരായ ജോലിയിൽ വീഴ്ച വരുത്തി എന്ന ആരോപണത്തിന്റെ പശ്ചാത്തലത്തിലും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടത്തിലെ ചട്ടം 15 പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക എന്നിവ പരാമർശം (1) പ്രകാരം നൽകുകയുണ്ടായി.

2) കുറ്റപത്രത്തിനു ശ്രീ.പി.പ്രിയദർശൻ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയും ടിയാനെ 19.04.2018-ൽ നേരിൽ കേട്ട സമയത്തുള്ള ടിയാന്റെ വാദവും, ആയതിനു പരാമർശം (3) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച അഭിപ്രായവും സർക്കാർ വിശദമായി പരിശോധിച്ചു.

3) ശ്രീ.പി.പ്രിയദർശന്റെ നിരപരാധിത്വം തെളിയിക്കുന്നതിന് അവസരം നൽകുന്നതിന്റെയും, വിഷയത്തിൽ കൂടുതൽ തെളിവുശേഖരിക്കുന്നതിന്റെയും ഭാഗമായി 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസ്, ചട്ടം 15 പ്രകാരം ഔപചാരികാന്വേഷണം നടത്തുവാനും, ആയതിൻപ്രകാരം കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായ ശ്രീ.കെ.കെ.സുനിൽകുമാറിനെ അന്വേഷണാധികാരിയും, കൽപ്പറ്റ ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ച് ഫോറസ്റ്റോഫീസറായ ശ്രീ.എം.പത്മനാഭനെ പ്രസന്റിംഗ് ഓഫീസറായും നിയമിച്ചും ഇതിനാൽ ഉത്തരവാകുന്നു. അന്വേഷണാധികാരി 3 മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.പ്രവീൺ
ജോയിന്റ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.പി.പ്രിയദർശൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
ശ്രീ.കെ.കെ.സുനിൽകുമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട്
ശ്രീ.എം.പത്മനാഭൻ, റെയിഞ്ച് ഫോറസ്റ്റോഫീസർ, ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ച്, കൽപ്പറ്റ
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ